## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3854

15 .05.2017-ൽ
മറുപടിയ്ക്ക്

### കരുനാഗപ്പള്ളി ബ്ലോക്ക് നമ്പർ 10-ൽ റി-സർവ്വേ നമ്പർ 582/11-ലെ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കരുനാഗപ്പള്ളി വില്ലേജിൽ ബ്ലോക്ക് നമ്പർ 10-ൽ റി-സർവ്വേ നമ്പർ 582/11-ൽപ്പെട്ട ഭൂമി ഏത് വകുപ്പിന്റെ ഉടമസ്ഥതയിലാണെന്നുള്ളതെന്നു വ്യക്തമാക്കുമോ; | (എ) പ്രസ്തുത സ്ഥലം കല്ലട ഇറിഗേഷൻ പ്രൊജക്ട് (കെ. ഐ. പി)-യുടെ ഉടമസ്ഥതയിലുള്ള സർക്കാർ പുറമ്പോക്കാണ്. |
| (ബി) പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന് വിട്ടു കിട്ടുന്നതിനുവേണ്ടി കത്ത് നൽകിയിട്ടുണ്ടോ; എന്ത് ആവശ്യത്തിനു വേണ്ടിയാണ് റവന്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത സ്ഥലത്തെ ആകെയുള്ള 56.00 ആർസിൽ നിന്നും 24.29. ആർസ് സ്ഥലം കോടതി സമുച്ചയ നിർമ്മാണത്തിനായി ജലവിഭവ വകുപ്പിന്റെ അനുമതിയ്ക്കായി കത്ത് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 31.71 ആർസ് സ്ഥലം സൈക്ലോൺ ഷെൽട്ടർ നിർമ്മാണത്തിനായി വിട്ടു നൽകുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) കോടതി സമുച്ചയം നിർമ്മിക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുനൽകണമെന്നാവശ്യപ്പെട്ട് നിയമകാര്യ വകുപ്പ് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) കോടതി സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളാ ഹൈക്കോർട്ട് രജിസ്ട്രാർ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വിട്ടു നൽകുന്നതിനുള്ള തീരുമാനം ജലവിഭവ വകുപ്പ് നാളിതു വരെ അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ